ഡോ. സ്മിത ശിവദാസൻ കെ.



## കടക്നാഥ്

# ബ്ലാക്ക് ബ്യൂട്ടി

കേരളത്തിൽ കാണപ്പെടുന്ന നാടൻ കോഴിയിനമാണ് കടക്നാഥ് അഥവാ കരിങ്കോഴി. ഇവയുടെ തൂവലുകൾക്കും മാംസത്തിനും ആന്തരിക അവയവങ്ങൾക്കും നീലിച്ച കറുത്ത നിറമാണ്. തോലും ചുണ്ടും നഖങ്ങളും കണങ്കാലും പൂവും തലയും കടുത്ത ചാരനിറമാണ്. ഉയർന്ന തോതിൽ മെലാനിൻ അടങ്ങിയിട്ടുള്ളതു കൊണ്ടാണ് മാംസത്തിനും ആന്തരിക അവയവങ്ങൾക്കും കറുപ്പു നിറം ലഭിച്ചത്. പ്രധാനമായും മൂന്ന് തരം കരിങ്കോഴികളാണുള്ളത്.

കൃത്യമായ ആഹാരരീതി ഉറപ്പു വരുത്തിയാൽ കരിങ്കോഴികൾ വളരെ ഉയർന്ന രോഗപ്രതിരോധ ശേഷിയും ആയുർദൈർഘ്യവും പ്രകടമാക്കുന്നു. വീട്ടുമുറ്റത്ത് തുറന്നു വിട്ട് വളർത്തുമ്പോൾ ധാന്യങ്ങളും ചെറുകീടങ്ങളുമാണ് പ്രധാന ആഹാരം. ഇതിനു പുറമെ നുറുക്കിയ അരിയോ ചോളമോ ദിവസത്തിൽ ഒന്നു രണ്ട് തവണ നൽകാറുണ്ട്. രാത്രി കാലങ്ങളിലേ ഇവയ്ക്ക് പാർപ്പിട സൗകര്യം ആവശ്യമുള്ളൂ.

ഏകദേശം ആറ് മാസം പ്രായമാകുമ്പോൾ കരിങ്കോഴികൾ പ്രായപൂർത്തിയായി മുട്ടയിടാൻ തുടങ്ങും. പ്രായപൂർത്തിയായ പൂവന് 1.5 - 2.00 കി.ഗ്രാം വരെയും പിടയ്ക്ക് 1-1.5 കി.ഗ്രാം വരെയുമാണ് ഭാരം. മറ്റ് നാടൻകോഴികളിൽ നിന്നും വ്യത്യസ്ഥമായി സ്ഥിരമായി ഒരു സ്ഥലത്ത് ഇവ മുട്ടയിടാറില്ല. വർഷത്തിൽ 2 മുതൽ മൂന്ന് വരെ തവണയായിട്ടാണ് ഇവ മുട്ടയിടുന്നത്. കരിങ്കോഴികൾ അടയിരുന്ന് മുട്ടവിരിയിക്കാൻ മടിയുള്ളവരാണ്. ആയതിനാൽ നാടൻകോഴികളെ ഉപയോഗിച്ചോ ഇൻകുബേറ്ററിലോ ആണ് മുട്ട വിരിയിക്കുന്നത്.

**കരിങ്കോഴിയും നാടൻ കോഴിയും തമ്മിലുള്ള താരതമ്യം**

| | നാടൻ കോഴി | കരിങ്കോഴി |
|---|---|---|
| വാർഷിക മുട്ടയുത്പാദനം | 40-60 | 80-90 |
| വിരിയിക്കലിനിടയിൽ മുട്ട കേടാവുന്നത് | 25-30% | 20-25% |
| മുട്ടയുടെ ഭാരം | 28-40 ഗ്രാം | 32-46 ഗ്രാം |
| മുട്ടയുടെ നിറം | ഇളം തവിട്ട് | കടും തവിട്ട് |
| മാംസത്തിന്റെ കാഠിന്യം | ദൃഢം | മൃദുവും കൊഴുപ്പ് കുറഞ്ഞതും |

## ഇറച്ചിയ്ക്കും മുട്ടയ്ക്കും ഔഷധഗുണം

കരിങ്കോഴിയുടെ മുട്ടയും ഇറച്ചിയും വളരെയധികം ഔഷധഗുണമുള്ളവയാണ്. ഹൃദ്രോഗികൾക്കും രക്താദിസമ്മർദ്ദമുള്ളവർക്കും ഇവ അത്യുത്തമമത്രേ. വളരെ മൃദുവായ ഇവയുടെ ഇറച്ചിയിൽ മനുഷ്യ ശരീരത്തിനാവശ്യമായ പതിനെട്ടോളം അമിനോ ആസിഡുകളും വിറ്റാമിൻ - ധാതുലവണങ്ങളും അടങ്ങിയിട്ടുണ്ട്. കൂടുതൽ മാംസ്യം നിറഞ്ഞതും ഉയർന്ന തോതിൽ അപൂരിത കൊഴുപ്പുകൾ അടങ്ങിയിട്ടുള്ളവയുമായ ഇവയുടെ ഇറച്ചി രക്തക്കുഴലുകളിലെ അതിറോസ്ക്ലീറോസിസ് അഥവാ കൊഴുപ്പ് അടിയുന്ന അവസ്ഥ കുറയ്ക്കുന്നതിനും ഹൃദ്രോഗസാധ്യത തടയുന്നതിനും സഹായിക്കും. ശരീരത്തിന്റെ നാഡീ വ്യവസ്ഥയ്ക്ക് ഉത്തേജനം നൽകുന്നതും രക്തത്തിന്റെ അളവു കൂടാൻ സഹായിക്കുകയും ചെയ്യുമെന്നതിനാൽ ഇവയുടെ ഇറച്ചിയും മുട്ടയും പലതരം പാരമ്പര്യ ചികിത്സയ്ക്കുപയോഗിക്കുന്നു.

ഉയർന്ന പ്രതിരോധശേഷിയും ഔഷധമേന്മയും ഉള്ള കരിങ്കോഴികളെ സംരക്ഷിച്ചു പോരേണ്ടത് വളരെ അത്യാവശ്യമാണ്. ഇവയുടെ വളർത്തലും സംരക്ഷണവും കർഷകർക്കിടയിൽ പ്രോത്സാഹിപ്പിക്കുമ്പോൾ തന്നെ അത്യുത്പാദന ശേഷിയുള്ള ഇനങ്ങളുമായി ഇണ ചേർന്ന് പാരമ്പര്യ തനത് നാടൻ കരിങ്കോഴികളുടെ സമ്മിശ്ര ജനുസുകൾ ഉണ്ടാകാതിരിക്കുവാനുള്ള മുൻകരുതലുകൾ എടുക്കുകയും വേണം.

## പരിശീലനവും ലഭ്യതയും

കരിങ്കോഴികളെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കാൻ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം ഫലവത്തായ പ്രദർശന പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നു.

വെറ്ററിനറി സർവകലാശാലയുടെ കീഴിൽ മണ്ണുത്തി പൗൾട്രി വിൽപന കേന്ദ്രത്തിൽ കരിങ്കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ് - ഫോൺ: 0487-2371178

---

എറണാകുളം കൃഷിവിജ്ഞാനകേന്ദ്രം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റാണ് ലേഖിക.

ഫോൺ: 9446120244